(ഇ) & (എഫ്) എസ്. എസ്. എൽ. സി. പാസ്സായ കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പ്ലസ് ടു കോഴ്സിന് സീറ്റുകൾ കുറവായ മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗവൺമെന്റ് മേഖലയിലും അൺ-എയിഡഡ് മേഖലയിലും പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നീലേശ്വരം രാജാസ് ഹൈസ്ക്കൂളിന് പ്ലസ് ടു കോഴ്സ്

143 [726] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഈ അദ്ധ്യയനവർഷം എത്ര സ്കൂളുകൾക്കാണ് പ്ലസ് ടു, വി. എച്ച്. എസ്. കോഴ്സുകൾ അനുവദിച്ചിരിക്കുന്നത്;

(ബി) കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുത്തുന്ന നീലേശ്വരം രാജാസ് ഹൈസ്ക്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ അദ്ധ്യയനവർഷം പ്ലസ് ടു, വി. എച്ച്. എസ്. കോഴ്സുകൾ ഒന്നും തന്നെ ഇതുവരെ അനുവദിച്ചിട്ടില്ല.

(ബി) ഇല്ല

(സി) എയിഡഡ് മേഖലയിൽ പുതുതായി പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് ഇതുവരെയും സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

144 [727] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവം കാരണം കുട്ടികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ എത്ര അദ്ധ്യാപകരെ നിയമിക്കാൻ പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടുണ്ട്;

(സി) ഏത് തീയതിയിലാണ് ഇവർക്ക് അഡ്വൈസ് അയയ്ക്കുകയും വകുപ്പിൽ പട്ടിക അയയ്ക്കുകയും ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്രയും മുൻകൂട്ടി അഡ്വൈസ് ചെയ്തിട്ടും ഇവർക്ക് നിയമനം നൽകാതിരിക്കാനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഇ) പി. എസ്. സി. അഡ്വൈസ് ചെയ്ത എല്ലാ അദ്ധ്യാപകർക്കും അടിയന്തിരമായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥിരാദ്ധ്യാപകരുടെ അഭാവത്തിൽ താൽക്കാലികാദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ ക്ലാസ്സുകൾ നടത്തുന്നുണ്ട്.

(ബി) പി. എസ്. സി. അഡ്വൈസ് ചെയ്ത 2233 ഹയർസെക്കണ്ടറി (സീനിയർ) അദ്ധ്യാപകർക്ക് നിയമനം നൽകിക്കഴിഞ്ഞിട്ടുണ്ട്. 1463 ജൂനിയർ അദ്ധ്യാപകരുടെ അഡ്വൈസ് ലിസ്റ്റ് പി. എസ്. സി.-യിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി സീനിയർ ടീച്ചേഴ്സിന്റെ അഡ്വൈസ് ലിസ്റ്റ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് പി. എസ്. സി.-യിൽ നിന്ന് അയച്ചത് 16-11-2004-ലും ജൂനിയർ ടീച്ചേഴ്സിന്റേത് അയച്ചത് 4-5-2005-ലും ആണ്.

(ഡി) അഡ്വൈസ് ചെയ്ത എല്ലാ ഹയർസെക്കണ്ടറി (സീനിയർ) തസ്തികകളിലും നിയമനം നടത്തിക്കഴിഞ്ഞു. ജൂനിയർ ടീച്ചേഴ്സിന്റെ അഡ്വൈസ് ലിസ്റ്റ് മേയ് മാസത്തിലാണ് ലഭിച്ചിട്ടുള്ളത്. ഇവരുടെ നിയമനം നടത്തുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമിശാസ്ത്രം ജൂനിയർ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടി

145 [728] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മാർച്ച് 1-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിലാണ് ഭൂമിശാസ്ത്രം ജൂനിയർ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടായിരുന്നത്; പ്രസ്തുത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly